# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി III
## (ജലവിഭവം)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്]

**2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി III
## (ജലവിഭവം)

**2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്]

795/2019.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി III
## (ജലവിഭവം)
## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. കൃഷ്ണൻകുട്ടി,

ജലവിഭവ വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. എം. ആരിഫ്, എം. എൽ. എ.*

ശ്രീ. വി.ടി. ബൽറാം, എം. എൽ. എ.

ശ്രീ. ജി. എസ്. ജയലാൽ, എം. എൽ. എ.

ശ്രീ. കെ. ജെ. മാക്സി, എം. എൽ. എ.

ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.

ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.

ശ്രീ. ഐ. ബി. സതീഷ്, എം. എൽ. എ.

ശ്രീ. പി. ടി. തോമസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്.

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

---

* 2019 മേയ് 31-ാം തീയതി നിയമസഭാംഗത്വം രാജിവച്ചു.

# അവതാരിക

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ ചെയർമാനായ ഞാൻ, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)-ന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ 65 ശിപാർശകളാണുള്ളത്. ഇവയിൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 15-5-2019, 27-6-2019 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളും സർക്കാരിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പുകളും രണ്ടാം ഭാഗത്ത് വകുപ്പിൽനിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകളുടെ ഖണ്ഡിക നമ്പറുകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2019, ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2019 ജൂൺ 27.

# റിപ്പോർട്ട്

## ഭാഗം I

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

2702-01-800-94-02-05-34—ചെറുകിട ജലസേചനം-ഉപരിതല ജലം-മറ്റ് ചെലവുകൾ-ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം-വേതനം-ഓഫീസ് ചെലവ്-മറ്റ് ചെലവുകൾ

ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ വൈദ്യുതി ചാർജ്ജ് നൽകുന്നതിനായി 2 കോടി രൂപ അധികമായി . ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

### സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ടുമൂലം വൈദ്യുതി ചാർജ്ജ് നൽകുന്നതിനായി അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

### ശിപാർശ

2702-03-101-98-02-34—ചെറുകിട ജലസേചനം-സംരക്ഷണ പണികൾ-വാട്ടർ ടാങ്കുകൾ-സംരക്ഷണ പണികൾ-മറ്റ് ചെലവുകൾ ചെറുകിട ജലസേചന പണികളുടെ കേടുപാട് പോക്കൽ-മറ്റ് ചെലവുകൾ

ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തുന്നതിനും ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാട് തീർക്കുന്നതിനുമായി തുക അനുവദിച്ച ഈ ശീർഷകത്തിൽ ഇറിഗേഷൻ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

### സ്വീകരിച്ച നടപടി

സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

4702-00-101-99-01-02-03—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവുകൾ-ഉപരിതല ജലം-ചെറുകിട ജലസേചന ജോലികൾ-മരാമത്തുകൾ-എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്-പണിയായുധങ്ങളും യന്ത്രസാമഗ്രികളും</u>

ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് ജലസേചന സൗകര്യം ഒരുക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

4702-00-101-79—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ഉപരിതല ജലം-ചെക്ക് ഡാമുകളും റെഗുലേറ്ററുകളും</u>

സംസ്ഥാനത്ത് നിരവധി തടയണകൾ ഘട്ടംഘട്ടമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറുന്നതിനായി ആകെ 3,28,30,000 രൂപ അധികമായി ടി ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4702-00-101-64—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ഉപരിതല ജലം-ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം-പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

4702-00-102-96—<u>മീനച്ചിൽ നദീതട പദ്ധതി</u> (പ്ലാൻ)

പ്രസ്തുത പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മീനച്ചിൽ പദ്ധതിയിൽ വരുന്ന മിനി ഡാമുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

4702-00-101-68—<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ഉപരിതല ജലം-പ്രധാനമന്ത്രി കൃഷി സിൻചായി യോജന</u> (60% കേന്ദ്രാവിഷ്കൃത പദ്ധതി)

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMKSY-യിൽ നോഡൽ ഏജൻസിയായ കൃഷി വകുപ്പ് മുഖേന സ്റ്റേറ്റ് ഇറിഗേഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ ജലസേചന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന വിഹിതമായി 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക ബുദ്ധിമുട്ടുമൂലം അധികമായി തുകയൊന്നും അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

2700-02—<u>മലമ്പുഴ പദ്ധതി</u> (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനും മറ്റ് ചെലവുകൾക്കും പലിശയ്ക്കും പെൻഷനും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കും ചാർജ്ജ്ഡ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളക്കരം അടയ്ക്കുന്നതിനും വൈദ്യുതി ചെലവുകൾക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അധിക തുക ആവശ്യമായതിനാൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 17,69,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2700-16 —പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനും പമ്പാ നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കനാലുകളുടെ സംരക്ഷണ പണികൾ ഏറ്റെടുത്ത് നടത്തുന്നതിന് 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ

2700-18—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

പദ്ധതിയുടെ ഭരണ ചെലവുകൾക്കും സംരക്ഷണ പണികൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ഐ.ടി. ഇനത്തിൽ സ.ഉ.(സാധാ.)നമ്പർ 10202/16 തീയതി 13-12-2018 പ്രകാരം 1 ലക്ഷം രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2700-27—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയുടെ ഭരണവും നടത്തിപ്പും ചെലവുകൾക്കായും സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിനുമായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾക്ക് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല

ശിപാർശ

2700-80-001-99—വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-വിവര സാങ്കേതിക വിദ്യ

പ്രോജക്ട്സ് I ചീഫ് എഞ്ചിനീയർ ഓഫീസിലെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും ഭരണ ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങിക്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2700-80-001-98—വൻകിട ജലസേചനം-ജനറൽ-ഭരണവും നടത്തിപ്പും-മേൽ നോട്ടവും

പ്രോജക്ട് സർക്കിൾ പിറവം, പാലക്കാട്, കണ്ണൂർ എന്നീ ഓഫീസുകളുടെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2701-11—പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പദ്ധതിയിലെ സംരക്ഷണ പ്രവർത്തനങ്ങൾക്കും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിനുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വൈദ്യുതി ചെലവുകൾക്കായി 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ സ.ഉ.(സാധാ.)നമ്പർ 749/2019 തീയതി 31-1-2019 പ്രകാരം 16,32,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2701-14 —<u>ചിമ്മിണി പദ്ധതി (വാണിജ്യേതരം)</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുടെ സംരക്ഷണ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2701-15-101-99-98-18—<u>ഇടത്തരം ജലസേചനം-കുട്ടനാട് വികസന പദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്-സംരക്ഷണ പണികൾ-മറ്റ് ചെലവുകൾ - സംരക്ഷണം</u>

കുട്ടനാട് പാക്കേജ് നിർത്തുന്നതിനാൽ അവിടത്തെ പദ്ധതികളുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2701-16-101-99-98-18—<u>ഇടത്തരം ജലസേചനം-കാട്ടാമ്പള്ളി പദ്ധതി-സംരക്ഷണ പണികൾ-വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്-സംരക്ഷണ പണികൾ-മറ്റ് ചെലവുകൾ-സംരക്ഷണം</u>

കാട്ടാമ്പള്ളി പദ്ധതിയുടെ പൂർത്തിയാക്കപ്പെട്ട സിവിലും മെക്കാനിക്കലും ആയിട്ടുള്ള പണികളുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട താൽക്കാലിക ഷട്ടർ ഓപ്പറേറ്റർമാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക ധനാനുമതി ലഭിച്ചിട്ടില്ല. എന്നാൽ ജി.ഒ. (ആർ.ടി.)4634/2018 തീയതി 31-5-2018 ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ട്രഷറി ക്യൂവിലുള്ള ബിൽ തുക നൽകുന്നതിന് ടി ശീർഷകത്തിൽ 1,79,000 രൂപ അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2701-80-004-96—<u>ഇടത്തരം ജലസേചനം-ജനറൽ-ഗവേഷണം ഗുണനിയന്ത്രണ യൂണിറ്റുകൾ</u>

പ്രസ്തുത ശീർഷകത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ അനുബന്ധ പ്രവൃത്തികൾക്കായും ഇന്ധനത്തിന്റെയും സാധന സാമഗ്രികളുടെയും വിലക്കയറ്റവും പരിഗണിച്ച് 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2701-80-005-93—<u>ഇടത്തരം ജലസേചനം-ജനറൽ-സർവ്വേയും ഇൻവെസ്റ്റിഗേഷനും-മോഡണൈസേഷൻ ഓഫ് ഡിസൈൻ വിംഗ്</u>

ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ലാബുകൾ നവീകരിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 95 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

അധികമായി തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2701-80-800-97—ഇടത്തരം ജലസേചനം-ജനറൽ-മറ്റ് ചെലവുകൾ-മറ്റ് ജലസേചന പണികളുടെ സംരക്ഷണ പണികളും അറ്റകുറ്റപ്പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക വകകൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശ്ശൂർ കോൾ നിലയങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായിട്ടാണ് ഈ സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിരിക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ തൃശ്ശൂർ നിലയത്തിൽ ജലസേചന സ്കീമിലെ അറ്റകുറ്റപ്പണികൾക്കും ജലസേചന പദ്ധതികളുടെ ഷട്ടറുകളും മറ്റും പുനഃസ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ സ.ഉ.(സാധാ.) നമ്പർ 1127/2019/ധന. തീയതി 15-2-2019, സ.ഉ.(സാധാ.) നമ്പർ 1809/19/ധന. തീയതി 13-3-2019 പ്രകാരം 20 ലക്ഷം രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2711-01-103-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽപണികൾ വെള്ളപ്പൊക്ക കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കം നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന കെടുതികളുടെ അറ്റകുറ്റപ്പണികൾക്കും വേണ്ടിയുള്ള ചെലവുകൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ

2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ -വെള്ളപ്പൊക്ക നിയന്ത്രണ പണികൾ-സംരക്ഷണം

പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ വെള്ളപ്പൊക്ക നിയന്ത്രണപദ്ധതികൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ

2711-02-103-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പണികൾ-സിവിൽ പണികൾ-കടലാക്രമണ നിരോധന പണികൾ-സംരക്ഷണം

കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും പ്രകൃതിക്ഷോഭത്തിൽനിന്ന് കടൽതീരത്തെ സംരക്ഷിക്കുന്നതിനുമുള്ള അടിയന്തര പണികൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കടൽഭിത്തിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം അനുവദിച്ചിട്ടില്ല.

ശിപാർശ

4700-80-800-92—വൻകിട ജലസേചനം സാംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക

വൻകിട ജലസേചന പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുക നൽകുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോടതി കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4700-80-800-89—വൻകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

നിയമസഭാ നിയോജക മണ്ഡലത്തിന്റെ ആസ്തി വികസന പദ്ധതിയിലെ ജോലികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

4701-80-800-78—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റ് ചെലവുകൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ മുമ്പ് അനുവദിച്ച പ്രവൃത്തി പൂർത്തിയാക്കുന്നതിനും പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4701-13—കബിനി-കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

മരാമത്ത് പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 3.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ സ.ഉ.(സാധാ.) നമ്പർ 5598/2018/ധന. തീയതി 2-7-2018 പ്രകാരം 308.97 ലക്ഷം രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4701-18—<u>ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി</u> (വാണിജ്യേതരം)

പദ്ധതിയുടെ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ സ.ഉ.(സാധാ.) നമ്പർ 5598/2018/ധന. തീയതി 2-7-2018 പ്രകാരം 2,12,32,000 രൂപ അധിക തുക അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4701-80-800-99—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-കേരള എഞ്ചിനീയർ റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം</u>

ഐ.ഡി.ആർ.ബി.-യുടെ കീഴിലുള്ള റിസർച്ച് വിഭാഗമായ കെ.ഇ.ആർ.ഐ.-യുടെ വികസനം സാധ്യമാക്കുന്നതിലൂടെ ഡിപ്പാർട്ട്മെന്റിന്റെ പര്യവേഷണ പരിപാടികൾ, ജലസേചന നിർമ്മിതികളുടെ ഫിസിക്കൽ മോഡലിംഗ്, മാത്തമാറ്റിക്കൽ മോഡലിംഗ്, തീര സംരക്ഷണത്തിനുള്ള നൂതന മാർഗ്ഗങ്ങളുടെ ആവിഷ്കരണം, കനാലുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജിയോ മെമ്പറൈൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ, റിസർവോയറുകളുടെ സംഭരണശേഷി നിലനിർത്തുന്നതിന് ആവശ്യമായ എക്കൽ നീക്കുന്നത് സംബന്ധിച്ചുള്ള പഠനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക സഹായം അനുവദിച്ചിട്ടില്ല

ശിപാർശ

4701-80-800-72—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധന ചെലവ്-ജനറൽ-മറ്റ് ചെലവുകൾ-വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും ഡ്രൈനുകളുടെയും ആധുനികവൽകരണം

വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളുടെയും ഡ്രൈനുകളുടെയും ആധുനികവൽക്കരണത്തിനുമായിട്ടാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതിയിലെ കനാൽ നവീകരണത്തിനായി അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ

തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തിലെ മറ്റ് പ്രദേശങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ചെലവുകൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 1,27,01,000 രൂപയുടെ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4711-02-103-99-01-02-03—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്-കടലാക്രമണ നിരോധന പദ്ധതികൾ-സിവിൽ പണികൾ-മരാമത്ത് പണികൾ-എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ്-യന്ത്രോപകരണങ്ങൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ

കടൽ ഭിത്തിയുടെ നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 8,02,89,000 രൂപയുടെ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4711-01-103-98—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം-തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ</u>

തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പണികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 1,08,34,000 രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4711-01-103-86—<u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്- വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ പണികൾ-പ്രധാനമന്ത്രി കൃഷി സിൻചായി യോജന കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണം</u> (50% കേന്ദ്രാവിഷ്കൃത പദ്ധതി)

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച എഫ്.എം.പി. സ്കീമുകളായ KEL-I, KEL-II എന്നിവ അവസാനിച്ചുവെങ്കിലും മേൽ സ്കീമിലെ നിർമ്മാണ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കൊടുത്ത് തീർക്കുന്നതിനും പൂർണ്ണാവസ്ഥയിലായ KEL-III സ്കീമിലെ ഇനിയും തീർക്കേണ്ട പദ്ധതികൾക്കായും KEL-IV-ലെ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കായും ഈ ശീർഷകത്തിൽ 28.27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത അധിക ധനസഹായം ലഭിച്ചിട്ടില്ല

<u>ഭാഗം II</u>

**സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ**

1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 14, 21, 23, 24, 25, 28, 32, 33, 34, 39, 43, 44, 45, 46, 47, 51, 52, 53, 60

കെ. കൃഷ്ണൻകുട്ടി,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,
2019 ജൂൺ 27.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.